## പതിമൂന്നാം കേരള നിയമസഭ
## ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2293 | 1.4.2013-ലെ മറുപടിക്ക്

## മാനസികാരോഗ്യ പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, എം. പി. വിൻസെന്റ്<br>,, ഹൈബി ഈഡൻ<br>,, ലൂഡി ലൂയിസ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ മാനസിക ആരോഗ്യ പരിപാടികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | എ) ജില്ലാ മാനസിക ആരോഗ്യ പരിപാടി. സാമൂഹ്യ മാനസിക ആരോഗ്യ പരിപാടി, എന്നിവയാണ് നിലവിലുള്ള മാനസിക ആരോഗ്യ പരിപാടികൾ. അർഹിക്കുന്ന എല്ലാപേർക്കും വിശിഷ്യ, സമൂഹത്തിലെ താഴെത്തട്ടിലുള്ളവർക്ക് അവശ്യം വേണ്ട മാനസിക ആരോഗ്യ പരിരക്ഷ ലഭ്യമാക്കുക. മനോരോഗ ചികിൽസാ രംഗം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ പൊതു ചികിൽസാ രംഗത്തും സാമൂഹ്യ സുരക്ഷാ രംഗത്തും ബാധകമാക്കുക, മനോരോഗ ചികിൽസയിൽ സമൂഹ പങ്കാളിത്തം ഉറപ്പാക്കുക. മനോരോഗങ്ങളെ ആരംഭത്തിലേ കണ്ടെത്തി ചികിൽസിക്കുകയും പ്രതിരോധിക്കുകയും ചെയ്യുക, മനോരോഗ ചികിത്സ ആവശ്യമുള്ളവർക്ക് അവരുടെ വീടിനടുത്തുതന്നെ ലഭ്യമാക്കുക. ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകർക്ക് മാനസിക ആരോഗ്യ ചികിൽസയെപ്പറ്റിയുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക, സമൂഹത്തിലെ എല്ലാത്തട്ടിലുമുള്ള ആൾക്കാർക്ക് മാനസികരോഗത്തെപ്പറ്റിയും അതിന്റെ ലക്ഷണങ്ങളെപ്പറ്റിയും കാരണങ്ങളെപ്പറ്റിയും ലഭ്യമായ ചികിൽസാ മാർഗ്ഗങ്ങളെപ്പറ്റിയും ബോധവൽക്കരണം നടത്തുക എന്നിവയാണ് ഇതിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ |

| | |
|---|---|
| ബി) ഏതൊക്കെ ജില്ലകളിലാണ് ഈ പരിപാടി നടപ്പാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, കണ്ണൂർ, വയനാട് എന്നീ ജില്ലകളിലാണ് ജില്ലാ മാനസിക ആരോഗ്യ പരിപാടി നടപ്പാക്കിയിട്ടുള്ളത്.<br><br>കാസർഗോഡ്, കോഴിക്കോട്, മലപ്പുറം, പത്തനംതിട്ട എറണാകുളം എന്നീ ജില്ലകളിൽ നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്. |
| സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പരിപാടി നടത്താൻ ഉദ്ദേശിക്കുന്നത് ; | സി) കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാറിന്റെ ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെയാണ് ഇത് നടത്തി വരുന്നത് |
| ഡി) എല്ലാ ജില്ലകളിലേയ്ക്കും ഈ പരിപാടി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; | ഡി) അഞ്ചു ജില്ലകളിൽ ജില്ലാ മാനസിക ആരോഗ്യ പരിപാടിയും അഞ്ചു ജില്ലകളിൽ സാമൂഹ്യ മാനസിക ആരോഗ്യ പരിപാടിയും നടപ്പിലാക്കി ക്കഴിഞ്ഞു. ബാക്കി നാലു ജില്ലകളിൽക്കൂടി ഈ പരിപാടി തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| ഇ) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | ഇ) നാലു ജില്ലകളിലും നോഡൽ സെന്ററുകളും നോഡൽ ഓഫീസർമാരെയും തെരഞ്ഞെടുത്തു. ആവശ്യമായ ഫണ്ട് ലഭ്യമാക്കി ഓഫീസ് രൂപീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചു. പാലക്കാട്, കോട്ടയം എന്നീ ജില്ലകളിൽ സ്റ്റാഫ് നിയമനം പൂർത്തിയാക്കി. ആവശ്യമായ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു. പ്രോഗ്രാം നടത്തിപ്പിന്റെ മോണിറ്ററിംഗിനുള്ള കമ്മിറ്റികൾ രൂപീകരിച്ചു. നിയമിച്ച സ്റ്റാഫിന് പരിശീലനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ